മനുഷ്യവംശത്തിന്റെ ഭാവി

~~495+~~

2007

ദുരിതൻ പകയിനുരച്ചു തുടങ്ങുന്നു
മേഘങ്ങൾ പൊട്ടി വിതുമ്പി തുടങ്ങുന്നു
എൻ പുഴകൾ നിന്റെ ആക്രോശം അറിയുന്നു
എന്തിനോ വേണ്ടി തിളയ്ക്കുന്ന നിന്നെയും

പ്രണയമാം മധുവിന്ന് പ്രളയമായ് മാറുന്നു
ശിഥിലമാം മനുഷ്യരാശി വിറകൊള്ളുന്നു
വേരുകൾ ഇല്ലാത്ത സംസ്കാരമഖിലം
ആ വെള്ള പാച്ചിലിൽ മുങ്ങി തുടങ്ങുന്നു

സമൃദ്ധമാം പൊന്നോണം നിന്ന് അറിയുന്നു
ഇത് വരെ കാണാത്ത സഹവർത്തിത്വവും
നീ വലിച്ചെറിഞ്ഞ നിൻ മാതാവിനോടൊത്തു നീ
ക്യാമ്പിലാണെങ്കിലും സ്നേഹം പകരുന്നു

~~ജലം~~
ജലം മനുഷ്യരെ ഒന്നാക്കി മാറ്റുന്നു
കരുതലിൻ വിത്ത് മുളച്ചു തുടങ്ങുന്നു
എങ്കിലും നീയൊന്നോർത്തോർത്ത് നോക്കുക
ഈ നാളുകളിൽ നീ ചെയ്തത് ഒക്കെയും

ഹിന്ദുതൻ കോടാലിയാണെങ്കിലും ശരി
മുസൽമാൻ തൻ ആയുധമാണെങ്കിലും
രണ്ടിനും രക്തത്തിൻ രുചിയൊന്നായിരുന്നു
ഒരമ്മ പെറ്റ മക്കളായിരുന്നു

ഇത് നിനക്കറിയുവാൻ വേണ്ടി ഒരു-
പ്രളയം നീ കടക്കേണ്ടിയിരുന്നു

വിവിധമാം നിറമുള്ള കൊടികൾ
വിവിധമാം മതവും ജാതികളും

പീഡനകാലം

പീഡനം, യുദ്ധവും കൊലപാതകങ്ങളും
ഇതുതന്നെയാണോ നവോത്ഥാനങ്ങളും

സ്ത്രീ അമ്മയാണെങ്കിലും പെങ്ങളാണെങ്കിലും
ഇരുളിൻ നിഴൽ അവളിൽ പിടിമുറുക്കുന്നു

നിർഭയ

നിഷ്കളങ്കമാം അവളുടെ വദനത്തിൽ നിന്നും
വന്യമാം നോട്ടം പിൻവാങ്ങിയില്ല
അവളെ നീ ഇരുളിൽ വലിച്ചിഴച്ചപ്പോഴും
എന്ത് ന്യായീകരണം നിനക്ക് പറയുവാൻ

പാടങ്ങളില്ല നെൽകതിരുകളില്ല കർഷകർ
ഒരു മുഴം കയറിൽ പകച്ചുനിൽക്കുന്നിതാ
മണിമാളികകൾ പൊങ്ങിയിരിക്കുമ്പോൾ
പാടങ്ങളെന്തിന് വരമ്പെന്തിന്

ദ്രുതഗതിയിലുള്ള ഈ പോക്കിനിയെങ്ങോട്ട്
സൂര്യനിലേക്കോ തമോഗർത്തത്തിലേക്കോ
ഭൂമിയൊരു പാഴ്നിലമായ് തുടങ്ങുന്നു
ഇനിയൊരു ഗ്രഹം നീ നോക്കിതുടങ്ങുന്നു

ശാസ്ത്രം

കൃത്രിമ ചന്ദ്രനെ നിർമ്മിച്ച നിൻ കരങ്ങൾക്ക്
നവയുഗം സൃഷ്ടിച്ചെടുക്കാൻ കഴിയട്ടെ
അപ്പോഴും ചോദ്യങ്ങൾ ബാക്കിയാകുന്നു
മനുഷ്യത്വം എന്ന് നീ പഠിച്ചെടുക്കും

മനുഷ്യനല്ല അമനുഷ്യത്വമാണ്
എന്നിൽ ഉയരുന്ന ചോദ്യവും സംശയവും